"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - തിരുവള്ളൂർ ഹയർസെക്കണ്ടറിസ്കൂൾ ഫുൾടൈം മിനിയൽ ആയ ശ്രീ മുഹമ്മദ്.പി.ടി. ഫയൽ ചെയ്ത റിട്ട് ഹർജി നം.3335/2026-ൽ 29.01.2026 തീയതിയിലെ ബഹു. കേരള ഹൈക്കോടതിയുടെ വിധിന്യായം പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.3371/2026/GEDN തീയതി,തിരുവനന്തപുരം, 18-05-2026

---

പരാമർശം:-

1. റിട്ട് ഹർജി നം.3335/2026-ൽ 29.01.2026 തീയതിയിലെ ബഹു. കേരള ഹൈക്കോടതിയുടെ വിധിന്യായം.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 09.02.2026, 27.04.2026 എന്നീ തീയതികളിലെ യഥാക്രമം ഡിജിഇ/25093/2025-ഇഎം6, ഡിജിഇ/5771/2026-ഇഎം6 നമ്പർ റിപ്പോർട്ടുകൾ.
3. ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 16.04.2026 തീയതിയിലെ ഡിഇഒവികെഎ/447/2026-ബി3 നമ്പർ റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

തിരുവള്ളൂർ ഹയർസെക്കണ്ടറിസ്കൂൾ ഫുൾടൈം മിനിയൽ ആയ ശ്രീ മുഹമ്മദ്.പി.ടി. ഫയൽ ചെയ്ത റിട്ട് ഹർജി നം.3335/2026-ൽ 29.01.2026 തീയതിയിലെ ബഹു. കേരള ഹൈക്കോടതിയുടെ വിധിന്യായ പ്രകാരം, ഹർജിക്കാരന്റെ എക്സിബിറ്റ് പി3 റിവിഷൻ പെറ്റീഷൻ ഹർജിക്കാരനെ നേരിൽ കേട്ട് 3 മാസത്തിനകം ഉത്തരവ് പുറപ്പെടുവിക്കുവാൻ ഒന്നാം എതിർകക്ഷിയായ സർക്കാരിനോട് നിർദ്ദേശം നൽകിയിരുന്നു.

2. സർക്കാർ ഈ വിഷയത്തിൽ 17.04.2026 തീയതി ബന്ധപ്പെട്ടവരെ നേരിൽ കേട്ടു.

3. ശ്രീ മുഹമ്മദ് പി.റ്റി.യുടെ വാദങ്ങൾ ഇപ്രകാരമാണ്.

"3.1. സ്കൂളിലെ FTM ആയ ശ്രീ.മിഥുൻ ബി.യെ 01/07/2019 മുതൽ ക്ലർക്ക് ആയി പ്രമോട്ട് ചെയ്ത് നിയമിച്ച റഗുലർ ഒഴിവിലാണ് 01/07/2019 മുതൽ ഒരു റഗുലർ FTM ആയി നിയമിച്ചത്. എന്നാൽ സ്കൂൾ കെട്ടിടങ്ങളുടെ പൂർണ്ണമായ സുരക്ഷാ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല എന്ന കാരണത്താൽ 2015-16 വർഷത്തിന് ശേഷം വടകര ഡി.ഇ.ഒ. സ്കൂളിന്റെ തസ്തിക നിർണ്ണയം നടത്തിയിരുന്നില്ല എന്ന കാരണം കാണിച്ച് ശ്രീ.മിഥുൻ ബി.യുടെ പ്രമോഷൻ നിരസിച്ചു. അതിനെ തുടർന്ന് തന്റെ നിയമനവും വടകര ജില്ലാ വിദ്യാഭ്യാസ ആഫീസർ നിരസിച്ചു. ഇതു സംബന്ധിച്ച അപ്പീൽ ഹർജി കോഴിക്കോട് ജില്ലാ വിദ്യാഭ്യാസ ആഫീസറും, അതേ കാരണത്താൽ നിരസിച്ചു. ഈ തീരുമാനങ്ങൾക്കെതിരായി സമർപ്പിച്ച റിവിഷൻ അപ്പീൽ ഹർജി പൊതുവിദ്യാഭ്യാസ ഡയറക്ടറും നിരസിച്ചു.

3.2. പിന്നീട് മാനേജർ ഹാജരാക്കിയിരുന്ന സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷാ സർട്ടിഫിക്കറ്റ് സ്വീകരിച്ച് സർക്കാർ 06/05/2022ലെ സ.ഉ.(സാധാ) നം. 2806/2022/പൊ.വി.വ. ഉത്തരവ് പ്രകാരം 2016-17 മുതൽ 2019-20 വരെയുള്ള കാലത്തെ തസ്തിക നിർണ്ണയം നടത്തുന്നതിന് അനുമതി നൽകുകയും തുടർന്ന് വടകര ജില്ലാ വിദ്യാഭ്യാസ ആഫീസർ സ്കൂളിന്റെ 2016-17, 2017-18, 2018-19 എന്നീ വർഷങ്ങളിലെ തസ്തിക നിർണ്ണയം നോഷനലായി നടത്തിയും 2019-20 വർഷത്തെ തസ്തിക നിർണ്ണയം സമന്വയ വഴി റഗുലറായും നടത്തി ഉത്തരവ് പുറപ്പെടുവിച്ചു.

3.3. സർക്കാരിന്റെ 07/08/2023ലെ L2/73/2023/GEDN കത്ത് പ്രകാരം 2016-17 മുതലുള്ള തസ്തിക നിർണ്ണയം നടത്തുമ്പോൾ വ്യവസ്ഥാപിതമായ റഗുലർ ഒഴിവുകളിൽ (റിട്ടയർമെന്റ്, രാജി, പ്രമോഷൻ, മരണം മുതലായ ഒഴിവുകൾ) മാനേജർ നിയമനം നടത്തിയിട്ടുണ്ടെങ്കിൽ അവ നിയമന തിയ്യതി മുതൽ നോഷണലായും 09/11/2020 മുതൽ റഗുലറായി സാമ്പത്തികാനുകൂല്യത്തോടെയും അംഗീകരിക്കാൻ ഉത്തരവ് നൽകിയിരുന്നതനുസരിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ 12/05/2025ലെ EM3/25610/2024/DGE അപ്ലറ്റ് ഉത്തരവ് പ്രകാരം ശ്രീ.മിഥുൻ ബി.യുടെ 01/07/2019 മുതലുള്ള ക്ലാർക്ക് തസ്തികയിലെ പ്രൊമോഷൻ നിയമനം നിയമന തിയ്യതി മുതൽ നോഷനൽ ആയും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ച 09/11/2020 മുതൽ റഗുലറായി ശമ്പള സ്കെയിലിലും അംഗീകരിക്കാൻ ഉത്തരവ് പുറപ്പെടുവിച്ചു. അതനുസരിച്ച് വടകര ജില്ലാ വിദ്യാഭ്യാസ ആഫീസർ ശ്രീ.മിഥുൻ ബി.യുടെ ക്ലാർക്ക് തസ്തികയിലെ പ്രമോഷൻ നിയമനം അംഗീകരിച്ചു. ഇതോടെ FTM തസ്തിക ഒഴിവ് വ്യവസ്ഥാപിതമായി സ്കൂളിൽ ലഭ്യമാണ്.

3.4. എന്നാൽ അപ്ലറ്റ് ഉത്തരവില്ലാതെ ഒരിക്കൽ നിരസിച്ച നിയമനം വീണ്ടും

പരിഗണനക്കെടുക്കാൻ കഴിയില്ല എന്ന് ചൂണ്ടിക്കാട്ടി വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസർ തന്റെ നിയമനം അംഗീകാരത്തിന് വീണ്ടും പരിഗണിച്ചിട്ടില്ല.

3.5. ഭിന്നശേഷി ഉദ്യോഗാർത്ഥികളുടെ നിയമനം സംബന്ധിച്ച് ബഹു. നീതിന്യായ കോടതികളും സർക്കാരും പുറപ്പെടുവിച്ച ഉത്തരവുകൾ പ്രകാരം സ്കൂളിലെ Category-I, Category-II, Category-III വിഭാഗങ്ങളിൽ ഓരോ തസ്തികകൾ മാനേജർ വിട്ടുനൽകിയിട്ടുണ്ട്.

3.6. ഇതോടെ ഭിന്നശേഷി നിയമനം സംബന്ധിച്ച നിബന്ധനകൾ ഈ ഹൈസ്കൂളിൽ കൃത്യമായി പാലിച്ചു കഴിഞ്ഞിരിക്കുന്നു. ആയതിനാൽ നിലവിലുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം മറ്റ് നിയമനങ്ങൾ അംഗീകരിക്കുന്നതിന് യാതൊരു തടസ്സവുമില്ല.

3.7. J.R.1/502/2023/GEDN സർക്കാർ കത്തിന്റെ ഖണ്ഡിക(3) പ്രകാരം 08/11/2021-ന് മുൻപുണ്ടായ ഒഴിവുകളിൽ 08/11/2021-ന് ശേഷം നടത്തിയ നിയമനങ്ങൾ പോലും സാധാരണപോലെ നിശ്ചിത ശമ്പള സ്കെയിലിൽ തന്നെ അംഗീകരിക്കാമെന്നും അതിനകം ദിവസ വേതനാടിസ്ഥാനത്തിൽ അംഗീകരിച്ച അത്തരം റഗുലർ നിയമനങ്ങൾ അപ്ലറ്റ് ഉത്തരവില്ലാതെ തന്നെ പുന:പരിശോധിച്ച് ശമ്പള സ്കെയിലിൽ അംഗീകാരം നൽകാനും സുവ്യക്തമായ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിനാൽ തന്റെ 01/07/2019 മുതലുള്ള FTM നിയമനം നിയമന തിയ്യതി മുതൽ റഗുലറായി അംഗീകരിക്കുന്നതിന് തടസ്സങ്ങൾ ഒന്നും തന്നെ നിലവിലില്ല.

3.8. ഒരു ഭിന്നശേഷി ഉദ്യോഗാർത്ഥിയായ ശ്രീമതി.രോഷ്നി പി.യെ FTM തസ്തികയിൽ ഭിന്നശേഷി നിയമനത്തിനുള്ള ജില്ലാതല സമിതി 23/01/2026ലെ അഡ്വൈസ് മെമ്മൊ No. B3/924095/2026 പ്രകാരം സ്കൂളിൽ നിയമിക്കുന്നതിന് ശുപാർശ ചെയ്യുകയും സ്കൂളിൽ പ്രതീക്ഷിച്ചിരുന്ന അധിക FTM തസ്തിക അനുവദിച്ചു കിട്ടാതിരിക്കുകയും ചെയ്തതിനാൽ 01/07/2019 മുതൽ FTM തസ്തികയിൽ നിയമിക്കപ്പെട്ട് തുടർന്ന് വരുന്ന തന്റെ നിയമനം സ്കൂളിലെ റഗുലർ FTM ആയ ശ്രീ.ഫസീൽ എം.നെ 05/02/2026 മുതൽ ഓഫീസ് അറ്റൻഡന്റ് (OA) ആയി പ്രമോട്ട് ചെയ്തത്കൊണ്ട് ഉണ്ടായ ഒഴിവിലേക്ക് 05/02/2026 മുതൽ മാനേജർ ഷിഫ്റ്റ് ചെയ്ത് നിയമനം ക്രമീകരിച്ചിട്ടുണ്ട്. 31/05/2027ന് സർവീസിൽ നിന്നും വിരമിക്കുന്ന OA ആയ ശ്രീ.പ്രകാശൻ സി. യെ Rule-72(2) of Part-I KSRs പ്രകാരം 05/02/2026 മുതൽ വിരമിക്കലിന് മുന്നോടിയായി അവധിയിൽ (LPR) പ്രവേശിച്ച ഒഴിവിലാണ് ശ്രീ.ഫസീലിനെ 05/02/2026 മുതൽ OA ആയി പ്രമോട്ട് ചെയ്ത് നിയമിച്ചിട്ടുള്ളത്. ശ്രീ.പ്രകാശൻ.സി. സമർപ്പിച്ച LPR അപേക്ഷ പാസ്സാക്കി

അനുവദിച്ചിട്ടുണ്ട്. ആയതിനാൽ ശ്രീ.ഫസീൽ എം.നെ 05/02/2026 മുതൽ പ്രമോട്ട് ചെയ്ത് നിയമിച്ച OA തസ്തികയിലെ ഒഴിവ് വ്യവസ്ഥാപിതമാണ്.

3.9. മുൻപ് തന്റെ നിയമനം നിരസിക്കാനായി പറഞ്ഞ ശ്രീ.മിഥുൻ.ബി.യുടെ ക്ലാർക്ക് തസ്തികയിലെ പ്രമോഷനും, തന്റെ സീനിയർ ആയി നിയമിക്കപ്പെട്ട ശ്രീ.ഉദയരാജ്, ശ്രീ.ഫസീൽ.എം. എന്നിവരുടെ നിയമനങ്ങളും മുൻപ് തന്നെ അംഗീകരിച്ചതാണ്. ആയതിനാൽ തന്റെ 01/07/2019 മുതലുള്ള FTM നിയമനത്തിന് അംഗീകാരം തടസ്സങ്ങളില്ല.

3.10. മേൽ സൂചിപ്പിച്ച സാഹചര്യങ്ങളിൽ തന്റെ റിവിഷൻ ഹർജി അനുവദിച്ച് സ്കൂളിലെ റഗുലർ FTM ആയ ശ്രീ.മിഥുൻ.ബി.യെ ക്ലർക്ക് ആയി പ്രമോട്ട് ചെയ്ത ഒഴിവിൽ 01/07/2019 മുതൽ നടത്തിയ തന്റെ FTM നിയമനം അംഗീകരിക്കാനും, ഈ വർഷം ഒരു FTM തസ്തിക ഭിന്നശേഷി നിയമനത്തിന് നൽകിയതിനാൽ തന്റെ നിയമനം 05/02/2026 മുതൽ ശ്രീ.ഫസീൽ.എം.നെ OA ആയി പ്രമോട്ട് ചെയ്ത ഒഴിവിൽ ക്രമീകരിച്ചത് അംഗീകരിക്കുന്നതിനും വടകര ജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് നിർദ്ദേശം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് അപേക്ഷിച്ചു.

4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ഇപ്രകാരമാണ്.

4.1. തിരുവള്ളൂർ, ശാന്തിനികേതൻ ഹയർ സെക്കൻഡറി സ്കൂളിലെ ഫുൾടൈം മീനിയൽ ആയ ശ്രീ.മിഥുൻ ബി.യെ 01/07/2019 മുതൽ ക്ലർക്ക് തസ്തികയിലേക്ക് പ്രൊമോട്ട് ചെയ്ത് നിയമിച്ച റെഗുലർ ഒഴിവിൽ ശ്രീ. മുഹമ്മദ് പി.ടി.യെ 01/07/2019 മുതൽ ഫുൾടൈം മീനിയൽ ആയി നിയമിച്ചു. ടി സ്കൂളിന്റെ കെട്ടിട സുരക്ഷാ സർട്ടിഫിക്കറ്റ് ലഭ്യമാകാത്തതുകൊണ്ട് തസ്തിക നിർണയം നടത്തിയിട്ടില്ലാത്തതിനാൽ ടി നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസറും അപ്പീൽ കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടറും നിരസിച്ചു. റിവിഷൻ അപ്പീൽ ഇഎം3/232586/2020/ഡിജിഇ ഉത്തരവ് പ്രകാരവും നിരസിച്ച് ഉത്തരവായിരുന്നു.

4.2. സ്ഥാനക്കയറ്റ ഒഴിവ് വ്യവസ്ഥാപിതമായതിനാലും സീനിയർ നിയമനം അംഗീകരിക്കപ്പെട്ടിട്ടുള്ളതിനാലും തസ്തിക നിർണയം നടത്തിയിട്ടുള്ളതിനാലും ശ്രീ. മുഹമ്മദ് പി.ടി.യ്ക്ക് 01/07/2019 മുതൽ റെഗുലർ ഫുൾടൈം മീനിയൽ ആയി അംഗീകാരം നല്കണം എന്നതാണ് റിവിഷൻ ഹർജിയിലെ ആവശ്യം.

4.3. തിരുവള്ളൂർ ശാന്തിനികേതൻ ഹയർ സെക്കണ്ടറി സ്കൂളിന്റെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്

മാനേജർ യഥാസമയം സമർപ്പിക്കാത്തതിനാൽ 2015-16 വർഷത്തിന് ശേഷം തസ്തിക നിർണ്ണയം നടന്നിട്ടില്ല. സ്കൂളിന്റെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് മാനേജർ ലഭ്യമാക്കുന്നത് 09/11/2020 തീയതിയിൽ മാത്രമാണ്. 2016-17 മുതൽ 2019-20 വരെയുള്ള തസ്തിക നിർണ്ണയം ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ നടത്തുന്നതിന് 06/05/2022 തിയതിയിലെ സ.ഉ.(സാധാ) നം.2806/2022 പൊ.വി.വ പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു.

4.4. 07/08/2023 തീയതി എൽ2/73/2023/പൊ.വി.വ ഉത്തരവ് പ്രകാരം 2016-17 മുതൽ 2019-20 വരെ നോഷണലായി തസ്തിക നിർണ്ണയം നടത്തുമ്പോൾ വ്യവസ്ഥാപിതമായ റെഗുലർ ഒഴിവുകൾ (റിട്ടയർമെന്റ്, രാജി, പ്രൊമോഷൻ, മരണം തുടങ്ങിയവ) ഉണ്ടാകുന്ന പക്ഷം ടി റെഗുലർ ഒഴിവുകളിൽ മാനേജർ നിയമനം നടത്തിയിട്ടുണ്ടെങ്കിൽ ടി നിയമനങ്ങൾക്ക് നിയമനത്തീയതി മുതൽ നോഷണലായും, 09/11/2020 മുതൽ സാമ്പത്തികാനുകൂല്യങ്ങളോടെയും അംഗീകാരം നൽകാവുന്നതാണ് എന്ന് ഉത്തരവായിട്ടുണ്ട്.

4.5. ടി സ്കൂളിലെ എഫ്.ടി.എം ആയിരുന്ന ശ്രീ. മിഥുൻ ബി.യുടെ സ്ഥാനക്കയറ്റ നിയമനം 01/07/2019 മുതൽ 08/11/2020 വരെ നോഷണലായും, സ്കൂൾ കെട്ടിടത്തിന് ഫിറ്റ്നസ് ലഭിച്ച 09/11/2020 മുതൽ സാമ്പത്തികാനുകൂല്യങ്ങളോടെയും അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ആയതിനാൽ 01/07/2019 മുതൽ എഫ്.ടി.എം തസ്തികയിൽ ഒഴിവ് വ്യവസ്ഥാപിതമാണ്.

4.6. 2019-20 വർഷത്തെ തസ്തിക നിർണയ ഉത്തരവ് പ്രകാരം രണ്ട് എഫ്.ടി.എം തസ്തികകൾ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തസ്തികകളിൽ ഒന്നിൽ 06/06/2019 മുതൽ നിയമിതനായ ശ്രീ.ഫസീൽ എം.ന്റെ നിയമനം 06/06/2019 മുതൽ 08/11/2020 വരെ നോഷണലായും, സ്കൂൾ കെട്ടിടത്തിന് ഫിറ്റ്നസ് ലഭിച്ച 09/11/2020 മുതൽ സാമ്പത്തികാനുകൂല്യങ്ങളോടെയും അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ആയതിനാൽ സീനിയർ നിയമനം അംഗീകരിക്കപ്പെട്ടിട്ടുണ്ട്. രണ്ടാമത്തെ എഫ്.ടി.എം തസ്തികയിൽ നിയമിതനായ ശ്രീ.മുഹമ്മദ് പി.ടി. അംഗീകാരമില്ലാതെ തുടരുന്നു.

4.7. ശ്രീ. മിഥുൻ ബി.യെ ക്ലർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നല്കിയത് മൂലം 01/07/2019 മുതൽ വ്യവസ്ഥാപിതമായ എഫ്.ടി.എം ഒഴിവ് നിലവിൽ ഭിന്നശേഷി ഉദ്യോഗാർഥിയെ നിയമിക്കുന്നതിനായി മാനേജർ വിട്ടു നല്കിയിട്ടുള്ളതാണെന്ന് ജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4.8. ശ്രീ. മുഹമ്മദ് പിടി.യെ 01/07/2019 മുതൽ എഫ്.ടി.എം തസ്തികയിൽ നിയമനം

നടത്തുകയും ടി ഒഴിവ് പിന്നീട് ഭിന്നശേഷിക്കായി വിട്ടുകൊടുക്കുകയും ചെയ്ത സാഹചര്യത്തിൽ ടി ഒഴിവിൽ 01/07/2019 മുതൽ 08/11/2020 വരെ നോഷണലായും, സ്കൂൾ കെട്ടിടത്തിന് ഫിറ്റ്നസ് ലഭിച്ച 09/11/2020 മുതൽ ഭിന്നശേഷി ഉദ്യോഗാർഥി ജോലിയിൽ പ്രവേശിക്കുന്നത് വരെ ശമ്പളത്തോടെയും അംഗീകാരം നൽകാവുന്നതാണ് എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

6. സർക്കാർ ഈ വിഷയം ഹിയറിങ് വേളയിലെ വാദഗതികളുടെയും സമർപ്പിക്കപ്പെട്ട രേഖകളുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകളുടെയും നിലവിലുള്ള നിയമങ്ങളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ. മുഹമ്മദ് പിടി.യെ 01/07/2019 മുതൽ എഫ്.ടി.എം തസ്തികയിൽ നിയമനം നടത്തുകയും ടി ഒഴിവ് പിന്നീട് ഭിന്നശേഷിക്കായി വിട്ടുകൊടുക്കുകയും ചെയ്ത സാഹചര്യത്തിൽ ടി ഒഴിവിൽ 01/07/2019 മുതൽ 08/11/2020 വരെ നോഷണലായും, സ്കൂൾ കെട്ടിടത്തിന് ഫിറ്റ്നസ് ലഭിച്ച 09/11/2020 മുതൽ ഭിന്നശേഷി ഉദ്യോഗാർഥി ജോലിയിൽ പ്രവേശിക്കുന്നത് വരെ പ്രൊവിഷണലായി ശമ്പളസ്കെയിലിലും മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകാരം നൽകുന്നതിനു പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകി അപ്രകാരം ശ്രീ.മുഹമ്മദ് പി.ടി. ഫയൽ ചെയ്ത റിട്ട് ഹർജി നം.3335/2026-ൽ 29.01.2026 തീയതിയിലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിന്ദു ആർ

ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (അറിവിലേക്കായി)

SRI. MUHAMMAD P.T., FULL TIME MENIAL, SANTHINIKETHAN HSS, THIRUVALLUR P.O., VADAKARA, KOZHIKODE - 673541

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം

വിദ്യാഭ്യാസ ഉപഡയറക്ടർ, കോഴിക്കോട്

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, വടകര

MANAGER, SANTHINIKETHAN HSS, THIRUVALLUR P.O., VADAKARA, KOZHIKODE - 673541

THE VICE-PRINCIPAL, SANTHINIKETHAN HSS, THIRUVALLUR P.O., VADAKARA,

KOZHIKODE - 673541

വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Resmi Babu
Date: 18-05-2026 16:48:10
സെക്ഷൻ ഓഫീസർ

പകർപ്പ്: പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ സി.എ.യ്ക്ക്.